(സി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ഡിസൈൻ അംഗീകാരത്തോടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജ്

191 (880) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം എപ്പോൾ പുനരാരംഭിക്കും എന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം നിർമ്മാണമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയും സാങ്കേതികാനുമതി തുകയും എത്രയാണ് ; ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം തുടങ്ങിയത് എന്നാണ്; ഈ പ്രവൃത്തി നീണ്ടുപോകാനുള്ള കാരണം എന്താണ്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് സപ്ലിമെന്ററി ഉടമ്പടി ഒപ്പുവയ്ക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം മാത്രമെ പണി പുനരാരംഭിക്കുന്ന തീയതി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ബാലൻസ് പ്രവൃത്തിയുടെ 20% ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രവൃത്തിയുടെ ഭരണാനുമതി ആദ്യതവണ 258 ലക്ഷം രൂപയും സാങ്കേതികാനുമതി 263.45 ലക്ഷം രൂപയുമാണ്. രണ്ടാം തവണ ഭരണാനുമതി 820 ലക്ഷം രൂപയും സാങ്കേതികാനുമതി 785.55 ലക്ഷം രൂപയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2015-ൽ 1283.197 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തി തുടങ്ങിയത് 2005-ൽ ആയിരുന്നു. Site Condition-ൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇപ്രകാരമുള്ള അപ്രതീക്ഷിത സാങ്കേതിക കാരണങ്ങളാണ് പദ്ധതി നീണ്ടുപോകാൻ കാരണം ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പ്രവൃത്തി പുനരാരംഭിച്ച് 2017 മാർച്ചോടെ തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം

192 (881) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന് ആർ.ഐ.ഡി.എഫ്. അടക്കമുള്ള ഏതെങ്കിലും പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ലോക്ക് ഇല്ലാത്തതിനാൽ ഉപ്പുവെള്ളം കയറി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി പദ്ധതി ഉടനെ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly